**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2601** **18.08.2017-ൽ മറുപടിക്ക്**

## മലപ്പുറം ഫ്ലൈഓവർ നിർമ്മാണം

| **ചോദ്യം**<br>**ശ്രീ. പി. ഉബൈദുള്ള** | **ഉത്തരം**<br>**ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലപ്പുറം ഫ്ലൈഓവർ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;<br><br>(ബി) ദേശീയപാത 966-ലാണ് ഫ്ലൈഓവർ നിർമ്മിക്കുന്നതെന്നതിനാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിരാക്ഷേപപത്രം ആവശ്യമുണ്ടോ; എങ്കിൽ അതു ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;<br><br>(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ദേശീയപാത എഞ്ചിനീയറിംഗ് വിഭാഗത്തിന് അടിയന്തിര നിർദ്ദേശം നൽകുമോ? | (എ) (ബി) & (സി) പൊതുമരാമത്ത് ദേശീയ പാതയിൽ വരുന്ന മലപ്പുറം പോലീസ് സ്റ്റേഷൻ കിഴക്കേത്തല ചെത്തുപാടം ഫ്ലൈ ഓവറിന്റെ നിർമ്മാണത്തിന് 2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 50 കോടിരൂപ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് 10/07/2017 -ലെ G.O (Rt.) No. 942/2017/PWD പ്രകാരം തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ. ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഡി.പി.ആർ. ആർ.ബി.ഡി.സി.കെ. തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ കേന്ദ്രഗതാഗത മന്ത്രാലയത്തിലേയ്ക്ക് നിരാക്ഷേപപത്രത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu
സെക്ഷൻ ഓഫീസർ.